**QP CODE: S8015**

**Enrollment number : ..........................................**

**Name : ..........................................**

MA DEGREE EXAMINATION,NOVEMBER 2023
Second Semester
MA Malayalam Language and Literature
M21ML05DC - പ്രാചീന - മദ്ധ്യകാല കവിതാസാഹിത്യം
2022 ADMISSIONS

Time: 3 Hours | Max Marks: 70

## Section A

**ഏതെങ്കിലും അഞ്ച് ചോദ്യത്തിന് അരപ്പുറത്തിൽ ഉത്തരം എഴുതുക. രണ്ട് മാർക്ക് വീതം**

1. 'മാൽ പുനന്തവനറിന്തണഞ്ഞങ്ങുലീയവും മാലവാർകുഴലിലെഴും മണികൈക്കൊള്ളുംമുന്നേ വേൽപൊരുന്ന മിഴിയാൾക്കു നൽകിയപ്പൊഴുതിലേ മേതിൽ വീഴ്ന്തടി പണിന്തു വിടയും തൊഴുതുപോയ് ചേൽ പൊരുന്തു മരിവീരൻ അലയാഴി കടന്ന- ത്തീരമെയ്തിയിരുന്നൊൺ കവികൾ ചൂഴ്ന്തിനിയ പൈ- മ്പാൽ പൊരുന്തും മൊഴിയാൽ മൊഴിന്തനൻ തൊഴുതെല്ലാം പാർമന്നൻതന്നൊടു മൈതിലിയുടേ ചരിതമേ' സന്ദർഭവും ആശയവും വിശദീകരിക്കുക.
2. "മന്ദപ്രജ്ഞന്മാർക്കറിവാനായ് മനുകുലതിലകനുടെ വൃത്താന്തം ഇത് അന്ധൻ ഞാൻ കേവലം എങ്കിലും ഒട്ട് ആയ പ്രകാരം ചൊല്ക തുനിഞ്ഞേൻ" –ആശയം വിശദീകരിക്കുക.
3. "വല്ലീടുകിൽ കളഭഗാമിനിയൊന്നുകൊണ്ടും കേടില്ലയാതകൃഷി കേവലമംഗനാനാം" – വിവക്ഷിതം വിശദീകരിക്കുക.
4. ഉണ്ണിയച്ചീചരിതത്തിലെ തിരുനെല്ലി വർണ്ണന സംഗ്രഹിക്കുക.
5. "അയി, ബത! ചെറിയച്ചീ വാസരാന്ത്യാഖ്യനാകും ക്ഷപണകനിത കാണാ പിച്ചകാട്ടിന്റവാറ്." ആരാണ് പിച്ച കാട്ടുന്നത്? പിച്ചയെന്ത്?
6. 'നാളം പോലെ നളിനകുഹരാദുൽഗതാ ഭൃംഗരാജി' കവികല്പനയ്ക്ക് ആസ്വാദനമെഴുതുക.
7. "വൈദർഭീ സാവളർന്നാൾ മിഥിലയിലവനീപുത്രി പണ്ടെന്നപോലെ" – വിശദീകരിക്കുക.
8. "അർണ്ണവം തന്നിലല്ലോ നിമ്നഗ ചേർന്നു ഞായം, അന്യഥാ വരുത്തുവാൻ കുന്നു മുതിർന്നീടുമോ?" വ്യാഖ്യാനിക്കുക.

**(2x5=10)**

## Section B

**ഏതെങ്കിലും ആറു ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരം എഴുതുക. അഞ്ച് മാർക്ക് വീതം**

9. നാടൻ പാട്ടുകളുടെ സവിശേഷതകൾ എഴുതുക.
10. പുത്തൻ പാനയുടെ ചരിത്രപ്രാധാന്യവും സവിശേഷതകളും വിശദീകരിക്കുക.
11. ചരിത്രപരമായും സാമൂഹികമായും ഏറെ ശ്രദ്ധേയമായ കൃതിയാണ് മുഹിയുദ്ദീൻ മാല – പരിശോധിക്കുക.
12. " നമ്പ്യാർക്ക് കേരളത്തെ വിട്ട് സ്ഥലമോ വർത്തമാനകാലത്തെ വിട്ടൊരു കാലമോ ഇല്ല" – വിശദീകരിക്കുക.

13. ഭക്തിയിലെ വൈയക്തികതയുടെ മുഖമാണ് കുചേലവൃത്തം വഞ്ചിപ്പാട്ടിൽ കാണുന്നത് – സമർത്ഥിക്കുക.
14. ‘സന്ദേശകാവ്യം ഒന്നേയുള്ളൂ’ എന്ന അഭിപ്രായത്തിന്റെ വെളിച്ചത്തിൽ ഉണ്ണുനീലിസന്ദേശത്തിന്റെ ഗുണദോഷവിചാരം നിർവ്വഹിക്കുക.
15. പാട്ടുപ്രസ്ഥാനത്തിന്റെ ലക്ഷണമൊത്ത കൃതികൾ എന്ന നിലയിൽ രാമചരിതത്തെയും തിരുനിഴൽ മാലയെയും പരിചയപ്പെടുത്തുക.
16. . ‘മഹിളാളി മഹാസ്പദമാണ്’ മണിപ്രവാളം എന്നവാദത്തിന്റെ പശ്ചാത്തലത്തിൽ അക്കാലത്തെ സാമൂഹിക രാഷ്ട്രീയ സാഹചര്യങ്ങൾ വിലയിരുത്തുക
17. ആട്ടക്കഥകളുടെ കൂട്ടത്തിൽ ‘നളചരിത’ത്തിനുള്ള പ്രാധാന്യം വിശദീകരിക്കുക.
18. മലയാളത്തിലെ മഹാകാവ്യപ്രസ്ഥാനത്തെക്കുറിച്ചുപന്യസിക്കുക.

**(5x6=30)**

## Section C

**ഏതെങ്കിലും രണ്ടു ചോദ്യത്തിന് മൂന്നു പുറത്തിൽ ഉത്തരം എഴുതുക. പതിനഞ്ച് മാർക്ക് വീതം**

19. 'എഴുത്തച്ഛൻ കിളിപ്പാട്ടുകൾ വായനക്കാരുടെ ആദ്ധ്യാത്മിക വികാസമാണ് ലക്ഷ്യം വെയ്ക്കുന്നത്. ' പാഠഭാഗത്തെ മുൻനിർത്തി പരിശോധിക്കുക.
20. കൊടുങ്ങല്ലൂർ കോവിലകം കേന്ദ്രീകരിച്ച് നടന്ന സാഹിത്യ പ്രവർത്തനങ്ങൾ മലയാളസാഹിത്യത്തിന്റെ ഒരു ഘട്ടത്തെ അടയാളപ്പെടുത്തുന്നു. - വിശദീകരിക്കുക.
21. ചമ്പുപ്രസ്ഥാനത്തിന്റെ പൊതുസ്വഭാവം വിശദീകരിച്ച് പ്രാചീനചമ്പുക്കളിൽ നിന്ന് മദ്ധ്യകാലചമ്പുക്കളിലെത്തുമ്പോഴുള്ള മാറ്റങ്ങൾ ചർച്ചചെയ്യുക.
22. ' ആസ്വാദകരെയും അഭിനേതാക്കളേയും ഒരുപോലെ തൃപ്തിപ്പെടുത്തുന്നതിനൊപ്പം പുതുസാദ്ധ്യതകൾ തുറക്കുകയും ചെയ്യുന്ന കൃതിയാണ് നളചരിതം ആട്ടക്കഥ. - വിശദീകരിക്കുക.

**(15x2=30)**